# മഹാത്മാഗാന്ധി സർവകലാശാല

നമ്പർ. എഡി.എ4/സി–4/09. പ്രിയദർശിനി ഹിത്സ്, തീയതി 06.11.2009

## ലാസ്റ്റ്ഗ്രേഡ് നിയമനം

## വിജ്ഞാപനം

മഹാത്മാഗാന്ധി സർവകലാശാലയിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ ഒഴിവുകളിലേക്ക് നിയമിക്കപ്പെടുന്നതിനായി 25.09.1996–ലെ വിജ്ഞാപനം നമ്പർ എ.ഡി.എ3/1/3753/96 പ്രകാരവും 27.10.2005–ലെ വിജ്ഞാപനം നമ്പർ ഏഡി.എ.3/1–07/05 പ്രകാരവും ലഭിച്ച അപേക്ഷകൾ സ്ക്രീനിംഗ് നടത്തി എസ്.എസ്.എൽ.സി പരീക്ഷ ജയിച്ചവരേയും അതിനുമുകളിൽ യോഗ്യതയുള്ളവരെയും പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുന്നു. ഇതനുസരിച്ചു തയ്യാറാക്കിയ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കായി 2009 നവംബർ 21–ാം തീയതി രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെ കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് എഴുത്തുപരീക്ഷ നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു. ചുരുക്കപ്പട്ടിക 09.11.2009 മുതൽ സർവകലാശാലയുടെ വെബ്സൈറ്റിലും (www.mguniversity.edu) സർവകലാശാലാ ആസ്ഥാനത്തും (എല്ലാ പ്രവൃത്തി ദിവസങ്ങളിലും) പരിശോധനയ്ക്ക് ലഭിക്കുന്നതാണ്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ഹാൾ ടിക്കറ്റ് ഉടൻ അയച്ചുകൊടുക്കുന്നതാണ്. നവംബർ 17 വരെ ഹാൾ ടിക്കറ്റ് ലഭിക്കാത്ത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ നവംബർ 19–നു മുൻപായി സർവകലാശാലയിലെ എഡി.എ4 സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

മലയാളത്തിൽ എഴുതുവാനുള്ള കഴിവ്, ജോലിക്ക് അപേക്ഷിച്ച സ്ഥാപനത്തെക്കുറിച്ചുള്ള ഉദ്യോഗാർത്ഥിയുടെ സാമാന്യ പരിജ്ഞാനം, നിർദ്ദിഷ്ട ജോലിയിൽ അപേക്ഷകനുള്ള താൽപര്യം മുതലായവയാണ് പരിശോധിക്കപ്പെടുക.

രജിസ്ട്രാർ